## കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ കെ.എം.ബി.ആർ.ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.ബിനോയ്.പി.എസ്-ന്റെ ലൈസൻസ് നാലു മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

------------------------------------------------------------------------
-----

നമ്പർ.ജി6-3313/2015 തീയതി : 11.03.2016

---

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 2.12.2015-ലെ ജി1-25399/15-ാം നമ്പർ കത്ത്.
2. Town Planner Vigilanceന്റെ 9.9.2015-ലെ റിപ്പോർട്ട്.
3. ശ്രീ.ബിനോയ് പി.എസ്.ന്റെ 12.1.2016-ലെ വിശദീകരണം

ഉത്തരവ്

പരാമർശം (1) കത്തിനോടൊപ്പം പരാമർശം (2) റിപ്പോർട്ടിന്റെ പകർപ്പ് അയച്ചു തരികയും ആയതുപ്രകാരം ലൈസൻസിക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്. സൂചന (2) റിപ്പോർട്ട് പ്രകാരം കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസിന്റെ പരിധിയിൽപ്പെട്ട ശ്രീ. എൻ.എം.ബൈജു എന്നയാൾ നിർമ്മിച്ചുവരുന്ന 4 നില കെട്ടിടം കെട്ടിടനിർമ്മാണചട്ടങ്ങൾ ലംഘിക്കുന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിനും, സൂപ്പർവൈസർ 'എ' എന്നനിലയിൽ 3 നിലവരെ മാത്രമുള്ള നിർമ്മാണത്തിനുമാത്രം പ്ലാൻ തയ്യാറാക്കുന്നതിന് യോഗ്യതയുള്ള ലൈസൻസി ശ്രീ. ബിനോയ് പി.എസ്. ചട്ടവിരുദ്ധമായി 4 നില കെട്ടിടത്തിന് പ്ലാൻ സമർപ്പിച്ചതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ഇതുപ്രകാരം ലൈസൻസിയുടെ വിശദീകരണം തേടിയതിൽ KMBR Rule 151 Appendix L പ്രകാരം 750 എം2 ഏരിയ വരുന്നതും 11 മീറ്റർ വരെ ഉയരമുള്ളതുമായ കെട്ടിടങ്ങൾക്ക് സൂപ്പർവൈസർ 'എ'ക്ക് പ്ലാൻ തയ്യാറാക്കാൻ കഴിയുമെന്നതിനാലും പരാമർശിത കെട്ടിടം പ്രസ്തുത പരിധിക്ക് താഴെവരുന്നതും, Basement + G+2 Floors മാത്രമുള്ളതിനാലും തനിക്കെതിരെ നടപടി സ്വീകരിക്കരുതെന്ന് സൂചന (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

KMBR Appendix L പ്രകാരം 750 എം2 വരെയും, 3 നിലകൾ വരെയും, 11 മീറ്റർ ഉയരത്തിലുമുള്ള നിർമ്മാണങ്ങളുടെ പ്ലാൻ സമർപ്പിക്കുന്നതിനാണ് സൂപ്പർവൈസർ 'എ'ക്ക് അനുവാദമുള്ളത്.

എന്നാൽ പരമാവധി 3 നിലകൾ വരെയുള്ള നിർമ്മാണത്തിനുള്ള പ്ലാൻ സമർപ്പിക്കുന്നതിനു മാത്രം ക്ഷമതയുള്ള സൂപ്പർവൈസർ 'എ' പദവിയിലുള്ള ലൈസൻസി 4 നിലകളുള്ള കെട്ടിടത്തിന്റെ പ്ലാൻ സമർപ്പിച്ചത് KMBR-ന്റെ ലംഘനമാണ്. KMBR പ്രകാരം നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കേണ്ട ലൈസൻസിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത് എന്നതിനാൽ ശ്രീ. ബിനോയ്. പി.എസ് -ന്റെ സൂപ്പർവൈസർ 'എ' രജിസ്ട്രേഷൻ 21.3.2016 മുതൽ 4 മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ലൈസൻസ് രേഖകൾ, ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറാഫീസിൽ സമർപ്പിക്കേണ്ട താണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.പി.എസ്.ബിനോയ്
ലൈസൻസി(Reg.No.G6-3274/11/334/SA)
പനയ്ക്കപ്പറമ്പിൽ ഹൗസ്
വെണ്ണല പി.ഒ. കൊച്ചി – 682 018

പകർപ്പ്:-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാസെക്രട്ടറിമാർക്കും
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(To publish in the LSGD Website as per KMBR 1999 Rule 153(8)